**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1422** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>മുൻ സർക്കാർ കാലയളവിലെ കേരള പി.എസ്.സി. നിയമനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മുൻ സർക്കാർ കാലയളവിൽ കേരള പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്നും പുതുതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലയളവിൽ (21.05.2021 മുതൽ 17.05.2026 വരെ) പി.എസ്.സി മുഖേന 1,55,368 നിയമനശിപാർശകൾ നൽകിയിട്ടുണ്ട്. പുതുതായി സൃഷ്ടിച്ച തസ്തികകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

**(ബി)** കേരള പി.എസ്.സി. പരീക്ഷാ നടത്തിപ്പിലും റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിലും നിലവിലെ വ്യവസ്ഥകളിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ,എങ്കിൽ ഇത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പി.എസ്.സി യുടെ പരീക്ഷാ നടപടികളിലും നിയമന പ്രക്രിയകളിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിയാണ് കേരള പി.എസ്.സി പ്രവർത്തിച്ചുവരുന്നത്. സാങ്കേതിക വിദ്യയുടെ ഉപയോഗം, മാനുഷിക വിഭവശേഷിയുടെ കാര്യക്ഷമമായ വിനിയോഗം എന്നിവയിലൂടെ പി.എസ്.സി യുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർച്ചയായി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**